# പാണിനി പറയാത്തത്

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

അമരകോശപ്പന്തലിൽ
ശീകണ്ഠേശ്വര സന്നിധിയിൽ
പുരുഷാർത്ഥ മൂന്നാംമുറയ്ക്കായ്
കുരങ്ങാം മനത്തെ മെരുക്കാൻ
ശ്രീകോവിലിൽ നടയിരുന്ന
നടേശനോട് ഭഗവാനുരച്ചു:
ഒന്നേ പരഹിതമറിയാനുള്ളു;
സകലശാസ്ത്രപുരാണങ്ങ–
ളൂറ്റിക്കുടിച്ച്, മട്ട് വെളിക്കിട്ടു
വെളുക്കാൻ മിഴി തൂങ്ങുമ്പോൾ
വെളിവായ് ഏകമന്ത്രമുരയ്ച്ച്
അബോധത്തെ കീറിമുറിച്ചു
മുടിനാരിഴ സൂക്ഷ്മക്കുഴലിൽ
നിറച്ചു നോക്കുകിൽ കാണും:
"മനസ്സിലൂടെ ശരീരത്തിൽ
ഇറങ്ങിപ്പടരണോ?
ശരീരത്തിലൂടെ മനസ്സിൽ
കയറിത്തടവണോ?
അതാണു പരകായപ്രവേശ–
ജ്ഞാനത്തിൻ ജനതിക കണിക –
ശാശ്വതാനുഷ്ഠാനക്കലയുടെ
ആത്യന്തിക ദ്വൈതമന്ത്രം."
*********************************************